# പ്രസിദ്ധീകരണത്തിന്

## ഗ്രീൻകേരള എക്സ്പ്രസ് 2010 – രണ്ടാം ഘട്ടത്തിലേക്ക് 15 പഞ്ചായത്തുകൾ

ഗ്രീൻകേരള എക്സ്പ്രസ് - സോഷ്യൽ റിയാലിറ്റി ഷോയുടെ ഒന്നാം ഘട്ടം അവസാനിച്ചപ്പോൾ 15 പഞ്ചായത്തുകളെ രണ്ടാം ഘട്ടത്തിലേക്ക് തെരഞ്ഞെടുത്തു. പാലക്കാട് ജില്ലയിൽ നിന്ന് കണ്ണാടി, എലപ്പുള്ളി, അകത്തേത്തറ, ആലപ്പുഴയിൽ നിന്ന് പാലമേൽ, ചെറിയനാട്, കഞ്ഞിക്കുഴി, തൃശ്ശൂർ ജില്ലയിൽ നിന്ന് കൊരട്ടി, അടാട്ട്, വയനാട് ജില്ലയിൽ നിന്ന് മീനങ്ങാടി, മാനന്തവാടി, മലപ്പുറത്തു നിന്ന് നിലമ്പൂർ, കോഴിക്കോട് നിന്ന് കൊടിയത്തൂർ തിരുവനന്തപുരത്ത് നിന്ന് ആര്യനാട്, കുന്നത്തുകാൽ, കൊല്ലത്ത് നിന്ന് ശൂരനാട് വടക്ക് എന്നീ പഞ്ചായത്തുകളാണ് രണ്ടാം ഘട്ടത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.

ഗ്രീൻ കേരള എക്സ്പ്രസ് 2010 ൽ 140 ഗ്രാമപഞ്ചായത്തുകളും 10 മുനിസിപ്പാലികളും 2 കോർപ്പറേഷനുകളുമാണ് പങ്കെടുത്തത്. മാർച്ച 1 ന് ഒന്നാം റൗണ്ട് സംപ്രേഷണം ആരംഭിച്ചു. 70 എപ്പിസോഡുകളിലായി 140 പഞ്ചായത്തുകൾ സുസ്ഥിരവികസന മാതൃകകൾ അവതരിപ്പിച്ചു. സി-ഡിറ്റിന്റെ പ്രൊഡക്ഷൻ ടീമുകൾ 152 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിക്കുകയും പ്രത്യേക റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

ഡോ. കെ.പി. കണ്ണൻ, ഡോ. വിനീത മേനോൻ, ഡോ. ആർ.വി.ജി.മേനോൻ, പ്രൊഫ. എം.കെ. പ്രസാദ്, ആർ. ഹേലി, നിർമ്മല സാനു ജോർജ് എന്നീ മുഖ്യ ജൂറികളടക്കം വിവിധ മേഖലകളിലെ 41 ഓളം പ്രമുഖരാണ് വിധി നിർണയം നടത്തിയത്.

രണ്ടാം റൗണ്ടിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 15 പഞ്ചായത്തുകളുടെ വിധി നിർണയം രണ്ട് ഘട്ടങ്ങളിലായാണ് നടക്കുക. ജൂൺ 19 മുതൽ 23 വരെയുള്ള വിധികർത്താക്കളുടെ പഞ്ചായത്ത് സന്ദർശനം, ജൂൺ 28 മുതൽ 30 വരെ തിരുവനന്തപുരത്തു വച്ചു നടക്കുന്ന അവതരണം എന്നിവയിലൂടെ വിജയികളെ തെരഞ്ഞെടുക്കും.

സുസ്ഥിര വികസന മാതൃകകൾ വികസിപ്പിച്ച ഏറ്റവും നല്ല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ജൂലൈ 26 ന് വൈകിട്ട് പ്രഖ്യാപിക്കുകയും പുരസ്കാര സമർപ്പണം നടത്തുകയും ചെയ്യും. ഈ ചടങ്ങ് ദൂരദർശൻ തത്സമയം സംപ്രേഷണം ചെയ്യും.

തദ്ദേശസ്വയംഭരണവകുപ്പ്, ശുചിത്വ മിഷൻ, സി-ഡിറ്റ്, കില, തിരുവനന്തപുരം ദൂരദർശൻ എന്നിവരുടെ സംയുക്ത സംരംഭമാണ് ഗ്രീൻ കേരള എക്സ്പ്രസ്.


ആർ.വി.ജി.മേനോൻ    ഡോ. കെ. പി. കണ്ണൻ

എം.കെ. പ്രസാദ്    ആർ.ഹേലി